1811
28/11/19

**കേരള സർക്കാർ**

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റെയിഞ്ച് ഫോറസ്റ്റോഫീസറായിരുന്ന ശ്രീ.എം.എം.സോമനെതിരെ രണ്ട് കേസുകളിൽ അച്ചടക്ക നടപടി- ഔപചാരികാന്വേഷണം നടത്തുവാനും -അന്വേഷണ ഉദ്യോഗസ്ഥരെ നിയമിച്ചും-ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt) No. 131/2018/F&WLD തീയതി,തിരുവനന്തപുരം, 15/03/2018

പരാമർശം:- 1) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 06.10.2015 , 1.12.2015 തിയതികളിലെ ബി 6-28607/15 നം കത്തുകൾ

2) 17.05.2016, 29.07.2016 തീയതികളിലെ 12868/A2/2015 നം കുറ്റപത്രം , കുറ്റാരോപണപത്രിക

3) 13/06/2016, 06/08/2016, തീയതികളിലായി ശ്രീ എം എം സോമൻ സമർപ്പിച്ച പ്രതിവാദപത്രികകൾ

4) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 24.04.2017,29.01.2018 തീയതികളിലെ B8-28607/15 നം കത്തുകൾ.

<u>ഉത്തരവ്</u>

മൂന്നാർ ഡിവിഷൻ നേര്യമംഗലം റേഞ്ചിലെ എൽ .എ പട്ടയ ഭൂമിയിൽ നിന്നും ആഞ്ഞിലി ,തേക്ക് മരങ്ങൾ മുറിച്ചു നീക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ ചെയ്ത ഒ ആർ 1/15 (വി എഫ് സി )ഒ ആർ 2/15 എൻ. എഫ്. എസ് കേസുകളിലായി യഥാക്രമം 2,12,041/-, 1,961,69/-രൂപ നഷ്ടം സംഭവിച്ച വിഷയത്തിൽ ശ്രീ എം. എം സോമൻ, റേഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ അച്ചടക്ക നടപടിയ്ക്ക് ശുപാർശ ചെയ്തു കൊണ്ട്

പരാമർശം (1)പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് സമർപ്പിച്ചു.

2) പ്രസ്തുത ശുപാർശയുടെഅടിസ്ഥാനത്തിൽ, ശ്രീ എം. എം സോമനെതിരെ പരാമർ ശം ( 2 ) പ്രകാരം കുറ്റപത്രം നൽകി സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചു. പരാമർ ശം ( 3 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ എല്ലാ ആരോപണങ്ങളും ടിയാൻ നിക്ഷേധിക്കുകയുണ്ടായി.പ്രതിവാദപത്രികയിന്മേൽ പരാമർ ശം (4) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായം സമർപ്പിക്കുകയുണ്ടായി. തുടർന്ന് ശ്രീ എം എം സോമനെ നേരിൽ കേൾക്കുകയും ചെയ്തു.

3) ശ്രീ.എം.എം.സോമൻ സമർപ്പിച്ച പ്രതിവാദ പത്രികയും, നേരിൽ കേട്ടപ്പോഴുള്ള വാദവും പരിശോധിച്ചതിലും, ടിയാൻ 31.07.2016 ൽ വിരമിച്ച സാഹചര്യത്തിൽ, ടിയാനെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ്(തരംതിരിക്കലും.നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി കെ.എസ്.ആർ.ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം തുടരുന്നതിനും, ടിയാന് സ്വാഭാവിക നീതി അനുവദിക്കുന്നതിനും കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനുമായി മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റെയിഞ്ചിലെ ടി രണ്ടു കേസുകളിലുമായി ടിയാനെതിരെ ഒരു ഔപചാരികാന്വേഷണം കൂടി നടത്തുന്നതിനും തീരുമാനിച്ചു.

4) ഔപചാരികാന്വേഷണത്തിന് അന്വേഷണ അധികാരിയായി ശ്രീ മാർട്ടിൻലോവൽ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെയും (സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ, എറണാകുളം) പ്രസന്റിങ് ഓഫീസർ ആയി ശ്രീ. ജയകുമാർ എൻ .വി. റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെയും

(സോഷ്യൽ ഫോറസ്ട്രി, പെരുമ്പാവൂർ) നിയമിക്കാൻ പരാമർശം ( 4 ) ലെ 29.01.2018 ലെ കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്തിട്ടുണ്ട്.

8) മേൽ സാഹചര്യത്തിൽ ശ്രീ. എം.എം. സോമൻ റെയിഞ്ച് ഫോറസ്റ്റോഫീസർ(റിട്ട)നെതിരെ ഔപചാരികാന്വേഷണം നടത്തുന്നതിന് അന്വേഷണ അധികാരിയായി ശ്രീ മാർട്ടിൻ ലോവൽ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെയും, (സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ, എറണാകുളം) പ്രസന്റിങ് ഓഫീസർ ആയി ശ്രീ. ജയകുമാർ എൻ .വി .റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെയും (സോഷ്യൽ ഫോറസ്ട്രി പെരുമ്പാവൂർ) നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു .അന്വേഷണാധികാരി മൂന്ന് മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJITH K JOSEPH
JOINT SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർ വേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എം.എം.സോമൻ റെയിഞ്ച് ഫോറസ്റ്റോഫീസർ(റിട്ട)

ശ്രീ മാർട്ടിൻ ലോവൽ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ , സോഷ്യൽ ഫോറെസ്ട്രി എക്സ്റ്റൻഷൻ, എറണാകുളം,

ശ്രീ. ജയകുമാർ എൻ .വി , റേഞ്ച് ഫോറസ്ററ് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി , പെരുമ്പാവൂർ.

(ഭരണ വിഭാഗംഅഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

File No.FWLD-A2/14/2018-FWLD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ